(സി) ഉണ്ട്. വ്യാപാരി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നത് അനുസരിച്ച് മാത്രമേ ബാക്കി അപേക്ഷകളിന്മേൽ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളു.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ഡേറ്റാ പ്രോസസിംഗ് സെന്ററിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയ്ക്കുള്ള യോഗ്യത

8 [2472] ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ ഡേറ്റാ പ്രോസസിംഗ് സെന്ററിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്കുള്ള യോഗ്യത എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് സാങ്കേതിക യോഗ്യത നിഷ്കർഷിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെട്ടവരുടെ സാങ്കേതിക യോഗ്യതയും നിയമന രീതിയും വെളിപ്പെടുത്താമോ;

(ഡി) ഇങ്ങനെ നിയമിക്കപ്പെട്ടവർ ധനകാര്യവകുപ്പിൽ എന്ത് തസ്തികയിൽ ജോലി ചെയ്തിരുന്നുവെന്നും പ്രസ്തുതയിനത്തിൽ ഗവൺമെന്റിന് ഇതുവരെയുണ്ടായ സാമ്പത്തിക ബാധ്യത എത്രയെന്നും അറിയിക്കാമോ;

(ഇ) ധനകാര്യ വകുപ്പിൽ കമ്പ്യൂട്ടർ സാങ്കേതിക യോഗ്യതയുള്ളവരുടെ വിവരങ്ങൾ വെളിപ്പെടുത്താമോ;

(എഫ്) ഡേറ്റാ പ്രോസസിംഗ് സെന്റർ ഡയറക്ടർക്ക് ഡെപ്യൂട്ടേഷൻ തുടർന്ന് നൽകാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുമോ?

ഉത്തരം

(എ) ധനകാര്യ ഡേറ്റാ പ്രോസസിംഗ് സെന്ററിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിന് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ

(i) അംഗീകൃത സർവ്വകലാശാലാ ബിരുദം.
(ii) ധനകാര്യ വകുപ്പിൽ 12 വർഷത്തെ സേവനം.
(iii) കംപ്യൂട്ടർ ഡിപ്ലോമ/സോഫ്റ്റ്വെയർ പാക്കേജിൽ സർട്ടിഫിക്കറ്റ് കോഴ്സ്, കംപ്യൂട്ടറിൽ പത്തുവർഷത്തെ പരിചയവും പ്രവർത്തനമികവും.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിലേക്ക് സാങ്കേതിക യോഗ്യത നിഷ്കർഷിച്ചിട്ടുണ്ട്.

(സി) ഖണ്ഡിക 'എ'-യിൽ പറയുന്ന യോഗ്യതയുള്ളവരുടെ പാനലിൽ നിന്നും ഡയറക്ടർ (ഇൻഫർമേഷൻ സിസ്റ്റംസ്) ഡേറ്റാ പ്രോസസിംഗ് സെന്റർ, തിരുവനന്തപുരം, ഗവൺമെന്റ് എൻജിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ, തിരുവനന്തപുരം, ജോയിന്റ് സെക്രട്ടറി, ധനകാര്യ (ഭരണം) വകുപ്പ് എന്നിവരടങ്ങിയ സെലക്ഷൻ കമ്മിറ്റി ഇന്റർവ്യൂ നടത്തി യോഗ്യത വിലയിരുത്തി തെരഞ്ഞെടുത്തവരെ തസ്തിക മാറ്റം വഴി നിയമിക്കുകയാണ് ചെയ്യുക.

(ഡി) ധനകാര്യ വകുപ്പിലെ വിവിധ സെക്ഷനുകളിലും ഡേറ്റാ പ്രോസസിംഗ് സെന്ററിലുമായി അസിസ്റ്റന്റ്/ അസിസ്റ്റന്റ് ട്രെയിനി/ സെക്ഷൻ ഓഫീസർ /ഡേറ്റാ എൻട്രി ഓപ്പറേറ്റർ/ ജൂനിയർ പ്രോഗ്രാമിംഗ് ഓഫീസർ തസ്തികകളിലായി 12 വർഷത്തിലധികം ജോലി ചെയ്തിരുന്നവരാണ് തസ്തികമാറ്റം വഴി നിയമനം ലഭിച്ചവർ. 12 വർഷത്തിലധികം സർവ്വീസുള്ളവരായതിനാൽ പ്രസ്തുതയിനത്തിൽ സർക്കാരിന് ഗണ്യമായ അധിക സാമ്പത്തിക ബാധ്യത ഉണ്ടായിട്ടില്ല.

(ഇ) ധനകാര്യ വകുപ്പിലെ ക്ളാസ് ഫോർ തസ്തികകളിലുള്ളവരൊഴിച്ച് എല്ലാവർക്കും സർക്കാർ തന്നെ വിവിധ ഘട്ടങ്ങളിലായി വിവിധയിനം കമ്പ്യൂട്ടർ പരിശീലനങ്ങൾ നല്കിയിട്ടുള്ളതിനാൽ മേൽപറഞ്ഞവരെല്ലാം കമ്പ്യൂട്ടർ സാങ്കേതിക യോഗ്യതയുള്ളവരാണ്.

(എഫ്) ഡേറ്റാ പ്രോസസിംഗ് ഡയറക്ടർക്ക് നൽകിയിട്ടുള്ള ഡെപ്യൂട്ടേഷൻ കാലയളവ് 9-11-2005-ൽ അവസാനിക്കുന്നതാണ്. കാലാവധി തീരുന്ന അവസരത്തിൽ മാത്രമേ ഡെപ്യൂട്ടേഷൻ കാലാവധി നീട്ടുന്നത് പുനഃപരിശോധന നടത്തേണ്ടതുള്ളൂ.

വിദേശഫണ്ട് വാങ്ങി പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകൾ

9 [2473] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകൾക്ക് വിദേശത്തുനിന്നും ഫണ്ട് സ്വീകരിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) വിദേശ ഫണ്ട് വാങ്ങി പ്രവർത്തിക്കുന്ന എത്ര സംഘടനകൾ സംസ്ഥാനത്തുണ്ടെന്ന് സർക്കാർ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ കണക്ക് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് നിലവിലുള്ള ധനകാര്യ നിയന്ത്രണ ചട്ടങ്ങൾക്ക് അനുസരിച്ചാണ് പ്രസ്തുത സംഘടനകൾ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പു വരുത്തുന്നതിന് സർക്കാർ പരിശോധന നടത്താറുണ്ടോ; എങ്കിൽ അതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly